## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 379** **28.05.2019 - ൽ മറുപടിക്ക്.**

### മുൻഗണനാ വിഭാഗത്തിൽപെട്ടവർ റേഷൻ വാങ്ങാത്ത സ്ഥിതിവിശേഷം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മുൻഗണനാ വിഭാഗത്തിൽപെട്ട പല കുടുംബങ്ങളും സ്ഥിരമായി റേഷൻ വാങ്ങാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) കുറഞ്ഞ നിരക്കിൽ നൽകുന്ന റേഷൻ സാധനങ്ങൾ ഇവർ വാങ്ങാത്തത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ,ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ; ഉണ്ടെങ്കിൽ ഇത്തരത്തിൽപെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | റേഷൻ വാങ്ങാത്തതിനുള്ള കാരണം പരിശോധിക്കുന്നതിനായി അതാത് താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകൾക്കു നിർദ്ദേശം നൽകി നടപടി സ്വീകരിച്ചു വരുന്നു. 2019 ജനുവരി മുതൽ മാർച്ച് മാസം വരെ സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട 70,000 കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റേഷൻ കാർഡുകൾ പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഇത്തരത്തിൽ സ്ഥിരമായി റേഷൻ വാങ്ങാത്തവരെ മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ,എങ്കിൽ അനർഹർ തന്നെയാണ് ഇപ്രകാരം ഒഴിവാക്കപ്പെടുന്നത് എന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**